**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1011** **11-02-2025 - ൽ മറുപടിയ്ക്ക്**

**തൃക്കുന്നപ്പുഴ, ആറാട്ടുപുഴ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് രൂക്ഷമായ കടലാക്രമണം നേരിടുന്നതെന്ന് അറിയിക്കാമോ; | (എ) | തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പതിയങ്കരയിൽ 1.60 കിലോമീറ്റർ ഭാഗത്ത് ഒഴികെ എല്ലാ ഭാഗത്തും, ആറാട്ടുപുഴ പഞ്ചായത്തിൽ പെരുമ്പള്ളി, വലിയഴിക്കൽ, തറയിൽകടവ്, മംഗലം എന്നീ പ്രദേശങ്ങളിലും രൂക്ഷമായ കടലാക്രമണം നേരിടുന്നു.<br><br>തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തെക്കേ അതിർത്തിയായ മംഗലം മുതൽ വടക്കേ അതിർത്തിയായ കുമാരകോടി വരെയുള്ള 8.60 കിലോമീറ്റർ സ്ഥലത്ത് രൂക്ഷമായ കടലാക്രമണം നേരിടുന്നു. കൂടാതെ ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കൽ, തറയിൽക്കടവ്, പെരുമ്പള്ളി, കള്ളിക്കാട്, രാമഞ്ചേരി, മംഗലം, ആറാട്ടുപുഴ എന്നീ പ്രദേശങ്ങൾ ഉൾപ്പെട്ട 6.8 കിലോമീറ്റർ നീളത്തിൽ ഉള്ള തീരദേശ പ്രദേശങ്ങൾ അതിരൂക്ഷമായ കടൽക്ഷോഭം നേരിടുന്നതിനാൽ ഹോട്ട്സ്പോട്ട് മേഖലയായി കണക്കാക്കിയിട്ടുള്ളതാണ്. പെരുമ്പള്ളി ജംഗ്ഷന് വടക്കുവശം CESCP സ്റ്റോൺ 518 മുതൽ 520 വരെയുള്ള ഭാഗത്തും, വലിയഴീക്കൽ ഭാഗത്തു CESCP സ്റ്റോൺ നമ്പർ 500 മുതൽ 502 വരെയും, മംഗലം ഭാഗത്ത് CESCP സ്റ്റോൺ നമ്പർ 550 മുതൽ 561 വരെയും കടലാക്രമണം ബാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തുകളിൽ ഇപ്പോൾ നടന്നുവരുന്ന കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കെ.ഐ.ഐ.ഡി.സി. മുഖേന തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ നടന്നു വരുന്ന 13 പുലിമുട്ടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആറാട്ടുപുഴയിൽ 21 പുലിമുട്ടുകളുടെയും 40 മീറ്റർ കടൽഭിത്തിയുടെയും നിർമ്മാണം പൂർത്തിയായി വരുന്നു. വട്ടച്ചാലിൽ 16 പുലിമുട്ടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നെല്ലാനിക്കലിൽ 4 പുലിമുട്ടുകളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.<br><br>കൂടാതെ GENERAL-ASE Work-Reformation of damaged sea wall at Pathiyankara in between |

| | | | |
|---|---|---|---|
| | | | CESCP No 568 to 569 of Thrikkunnapuzha Panchayath in Haripad constituency- General Civil Work എന്ന 97 മീറ്റർ നീളത്തിലുള്ള 46 ലക്ഷം രൂപയുടെ ടെൻഡറിംഗ് സ്റ്റേജിലുള്ള പ്രവൃത്തി മേൽ പറഞ്ഞവയാണ്. ഇപ്പോൾ പ്രസ്തുത പഞ്ചായത്തുകളിൽ നടന്നുവരുന്ന കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ. |
| (സി) | പ്രസ്തുത പഞ്ചായത്തുകളിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ജിയോ ബാഗ് സ്ഥാപിക്കുന്ന പ്രവൃത്തികൾക്കുള്ള അനുമതി നൽകിയിട്ടുള്ളതെന്നും ഇതിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും അറിയിക്കാമോ; | (സി) | പ്രസ്തുത പഞ്ചായത്തുകളിലെ ജിയോ ബാഗ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച പട്ടിക അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ഡി) | ലോകബാങ്കിന്റെയും വിവിധ ധനകാര്യ ഏജൻസികളുടെയും സഹായത്തോടെ പ്രസ്തുത പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങളും പദ്ധതികൾ എന്ന് മുതൽ പ്രാവർത്തികമാക്കാൻ സാധിക്കുമെന്നുമുള്ള വിവരങ്ങളും അറിയിക്കാമോ? | (ഡി) | ലോകബാങ്കിന്റെയും വിവിധ ധനകാര്യ ഏജൻസികളുടെയും സഹായത്തോടെ പ്രസ്തുത പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള കടലാക്രമണ പ്രതിരോധപ്രവൃത്തികളുടെ പ്രൊപ്പോസലുകൾ മുൻഗണനയനുസരിച്ച് തയ്യാറാക്കിവരുന്നു. കേരള തീരദേശ സംരക്ഷണത്തിന്റെ ഭാഗമായി NCCR (National Centre for Coastal Research) പഠനം നടത്തി Shore Line Management Plan ന്റെ കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അംഗീകരിയ്ക്കുന്ന മുറയ്ക്ക് പ്രവർത്തികളുടെ മുൻഗണനയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് പ്രവർത്തികൾ നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| SL. No. | PRICE. ID | NAME OF WORK | Amount (In Lakhs) | Length in Metre | REMARKS |
|---|---|---|---|---|---|
| 1 | IRR/IA/EST/6614/2023_5_1_1 | GENERAL-ASE Work-Urgent Protection work using Geobag in between CESCP NO.570 TO CESCP.NO.569 (Behind Peeling sheds) at Pathiyankara in Thrikkunnappuzha panchayath of Harippad LAC | 20.00 | 153.00 m | Completed |
| 2 | IRR/IA/EST/4113/2024_5_1_1 | GENERAL-ASE -Pre Monsoon Work 2024-Urgent Protection work using Geobag at CESCP NO.571 (Near MT UPS Thrikkunnappuzha) in ThrikkunnappuzhaPanchayath of Harippad LAC. | 7.83 | 60.00 m | Completed |
| 3 | IRR/IA/EST/5878/2023_5_1_1 | GENERAL-ASE Works-Urgent Protection work using Geobag in between CESCP NO.584 to CESCP.No.588 at Panoor in ThrikkunnappuzhaPanchayath of Harippad LAC . | 32.00 | 247.60 m | Completed |

സെക്ഷൻ ഓഫീസർ